(ബി) ടി തുകകൊണ്ട് ഏതുതരം നിർമ്മാണ പ്രവർത്തനം നടത്തുവാനാണ് ഉദ്ദേശിക്കുന്നതെന്നും ടി പ്രവൃത്തി എന്ന് പൂർത്തിയാക്കുവാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വൈക്കം സത്യാഗ്രഹ സ്മാരകത്തിനായി 20 ലക്ഷം രൂപയാണ് കഴിഞ്ഞ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ആർക്കൈവ്സ് വകുപ്പിനെയാണ് മ്യൂസിയം നിർമ്മിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. രണ്ടുഘട്ടങ്ങളിലായി പദ്ധതി നടപ്പിലാക്കുവാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. അതിനായി ആകെ 40 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. വൈക്കത്ത് ബോട്ടുജെട്ടിയോട് ചേർന്ന് വൈക്കം നഗരസഭ പുതുതായി പണികഴിപ്പിച്ച ഒവൈക്കം സത്യാഗ്രഹ സ്മാരക കെട്ടിടത്തിൽ നഗരസഭയുടെ സഹകരണത്തോടെ മ്യൂസിയം ഒരുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. സ്മാരക കോംപ്ലക്സിൽതന്നെ മഹാത്മഗാന്ധിയുടെ ഒരു പൂർണ്ണകായ പ്രതിമ സ്ഥാപിക്കുന്നതിനും മ്യൂസിയത്തിനോടനുബന്ധിച്ച് Pedestal Landscaping, പൂന്തോട്ട നിർമ്മാണം, ലൈറ്റ് സജ്ജീകരണം, മ്യൂസിയം ഗാലറി, ഡിസ് പ്ലേ, ഫർണിച്ചർ എന്നിവയ്ക്കും വൈക്കം സത്യാഗ്രഹരേഖകളുടെ ഡാറ്റാ കളക്ഷൻ, മ്യൂസിയം ഒരുക്കുന്ന കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ, കമ്പ്യൂട്ടർ/ കിയോസ്ക്, ഡോക്യുമെന്റേഷൻ, പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള മറ്റ് ചെലവുകൾ എന്നിവയ്ക്കാണ് ടി തുക ചെലവാക്കുന്നത്. സർക്കാർ നോഡൽ ഏജൻസിയായി പ്രഖ്യാപിച്ചിട്ടുള്ള കേരളം ഓഫ് ഹിസ്റ്ററി& ഹെറിറ്റേജ് ആണ് പദ്ധതിരേഖ തയ്യാറാക്കുന്നത്. 9 മാസത്തെ കാലാവധിയാണ് പ്രൊപ്പോസലിൽ നൽകിയിട്ടുള്ളത്.

കാസർഗോഡ് സിവിൽസ്റ്റേഷന് മുൻവശത്ത് രാഷ്ട്രപിതാവിന്റെ പ്രതിമ സ്ഥാപിക്കാൻ നടപടി

30 (7587) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് സിവിൽസ്റ്റേഷന് മുൻവശം രാഷ്ട്രപിതാവിന്റെ പ്രതിമ നിർമ്മിക്കാൻ തിരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ ഏത് സമിതിയാണെന്നും പ്രതിമാനിർമ്മാണം ആരംഭിച്ചുവോയെന്നും എപ്പോൾ നിർമ്മാണം പൂർത്തിയാകുമെന്നും വിശദമാക്കുമോ ;

(സി) പ്രതിമ നിർമ്മിക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും ഇതിന്റെ ചെലവ് എത്രയാണെന്നും ഫണ്ട് ആരാണ് നൽകുന്നതെന്നും സംബന്ധിച്ച വിശദാംശം നൽകുമോ ?

483/2016

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) കാസർഗോഡ് സിവിൽസ്റ്റേഷന് മുൻവശത്ത് രാഷ്ട്ര പിതാവിന്റെ പ്രതിമ സ്ഥാപിക്കണമെന്ന ശ്രീ. കെ. പി. കുഞ്ഞിക്കണ്ണൻ എക്സ്എംഎൽഎ- യുടെ നിവേദനം അടിയന്തര റിപ്പോർട്ടിനായി കാസർഗോഡ് ജില്ലാ കളക്ടർക്ക് നൽകിയിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്.

വിദ്യാഭ്യാസ ലോൺ അനുവദിക്കാൻ വിവിധ ബാങ്കുകൾ വ്യത്യസ്ത രേഖകൾ ആവശ്യപ്പെടുന്നതു സംബന്ധിച്ച്

31 (T 7588) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വിദ്യാഭ്യാസ ലോണിനായി അപേക്ഷ നൽകിയ വിദ്യാർത്ഥികളെ പലവിധ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് ബാങ്കുകൾ ലോൺ അനുവദിക്കുന്നത് അനന്തമായി നീട്ടികൊണ്ട് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതുമേഖലാ ബാങ്കുകൾ ഒഴിച്ചുള്ള ബാങ്കുകൾ വസ്തുവിന്റെ പ്രമാണരേഖകളും കരമടച്ച രസീതുമടക്കം ആവശ്യപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ഓരോ ബാങ്കുകൾക്കും വ്യത്യസ്തരേഖകൾ ആവശ്യപ്പെടുന്നതിന് അധികാരമുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ എസ്.ബി.ഐ., എസ്.ബി.റ്റി., കാനറ ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക് തുടങ്ങിയ ബാങ്കുകളിൽ എന്തൊക്കെ രേഖകളാണ് സമർപ്പിക്കേണ്ടത് എന്ന് വിശദമാക്കുമോ ;

(ഇ) റിസർവ്വ് ബാങ്കിന്റെയും കേന്ദ്ര സർക്കാരിന്റെയും മാനദണ്ഡപ്രകാരം എന്തൊക്കെ രേഖകളാണ് വിദ്യാഭ്യാസ ലോണിനുവേണ്ടി സമർപ്പിക്കേണ്ടത് എന്ന് വിശദമാക്കുമോ ;

(എഫ്) ടി ലോണിന്റെ പലിശ ഇളവ് ലഭിക്കുന്നതിന് എന്താണ് മാനദണ്ഡമെന്ന് വ്യക്തമാക്കുമോ ;

(ജി) കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിൽ പ്രവേശനം നേടുന്നവർക്ക് പലിശ ഇളവിന് അർഹതയില്ലെന്ന് ഉത്തരവുണ്ടോ ; ഇവർക്ക് പലിശ ഇളവിന് അർഹതയുണ്ടോ ;

(എച്ച്) ബാങ്ക് ലോൺ അനുവദിക്കുന്നത് അനന്തമായി നീട്ടികൊണ്ട് പോകുന്ന ബാങ്കുകൾക്കെതിരെ ആർക്കാണ് പരാതി നൽകേണ്ടത് ; ഓഫീസിന്റെ പേരും ഇ-മെയിൽ വിലാസവും നൽകാമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly